LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കാസർഗോഡ്, കണ്ണൂർ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന രാമന്തളി നടപ്പാലം നിർമ്മിക്കുന്നതിനായി നബാർഡ് RIDF-XVI-ൽ ഉൾപ്പെടുത്തി 750 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചപ്പോൾ സ്ഥലം എം.എൽ.എ. പഞ്ചായത്ത് അധികൃതർ, മറ്റ് ജനപ്രതിനിധികൾ എന്നിവർ ഇടപെടുകയും നടപ്പാലത്തിന് പകരം സിംഗിൾ ലെയിൻ ബ്രിഡ്ജ് നിർമ്മിക്കണമെന്ന് അറിയിക്കുകയുമുണ്ടായി. അതനുസരിച്ച് സിംഗിൾ ലെയിൻ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റിന് നബാർഡിൽനിന്നും അനുമതി ലഭിക്കുന്നതനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനായി കഴിഞ്ഞ വർഷം (2014-15) 625.68 ലക്ഷം രൂപ നബാർഡ് RIDF ലോണും 156.42 ലക്ഷം സംസ്ഥാന ഷെയറുമായി ആകെ 782.10 ലക്ഷം രൂപ വരുന്ന 3 പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

Sl.No.	Name of Work	Administrative Sanction (₹ in Lakhs)	RIDF Loan
1	Construction of Mullakodi-Nanisseri Parassinikadavu road in Mayyil Panchayath	458.85	367.08
2	Construction of Manikandanchira NH Road Kannukalipalam (Muttel Palam Road)	228.25	182.60
3	Construction of Puthenchira-Porumbakkunnu Pakarappally bridge with approach road in Puthenchira Panchayath	95.00	76.00

മത്സ്യബന്ധന ഇറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

99 (1804) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14-ൽ പൂർത്തീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന വിഴിഞ്ഞം, മുതലപ്പൊഴി, ചേറ്റുവ, കൊയിലാണ്ടി, തലായി, ചെറുവത്തൂർ എന്നീ മത്സ്യബന്ധന ഇറമുഖങ്ങളിൽ നടന്നുവന്നിരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) ചെത്തി മത്സ്യബന്ധന ഇറമുഖത്തിന്റെ ഒന്നും രണ്ടും ഘട്ടവികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) താനൂരിലെ മത്സ്യബന്ധന ഇറമുഖത്തിന്റെയും മുനക്കാക്കടവിലെ ഫിഷ് ലാന്റിംഗ് കേന്ദ്രത്തിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിഴിഞ്ഞം മത്സ്യബന്ധനഇറമുഖത്തെ ഖബർ സംരക്ഷണം, ചുറ്റുമതിൽ നിർമ്മാണം, ഡ്രഡ്ജിംഗ് എന്നീ പ്രവൃത്തികളൊഴികെ ബാക്കി ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണം, ഡ്രഡ്ജിംഗ് എന്നീ പ്രവൃത്തികൾ കരാർ വച്ച് ക്രമീകരിച്ചെങ്കിൽ തന്നെയും പരിസരവാസികളുടെ നിരന്തരമായ എതിർപ്പുമൂലം ഇവ പൂർത്തിയാക്കാൻ കഴിയാത്തതിനാലാണ് ടി മത്സ്യബന്ധന ഇറമുഖം പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്നത്. ഇപ്പോൾ ഖബർ സംരക്ഷണം, ചുറ്റുമതിൽ നിർമ്മാണം, ഡ്രഡ്ജിംഗ് എന്നിവ ഉൾപ്പെടുത്തി 580 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. 50% കേന്ദ്രധനസഹായ പദ്ധതിയിലുൾപ്പെടുത്തി 1366 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച മുതലപ്പൊഴി മത്സ്യബന്ധന ഇറമുഖത്തെ വാർഫ്, ലേലപ്പുര, മറ്റ് അനുബന്ധ ഘടകങ്ങൾ എന്നിവ പൂർത്തീകരിക്കുകയുണ്ടായി. പുലിമുട്ടുകൾ പൂർത്തീകരിച്ചുവരുന്ന അവസരത്തിൽ ബേസിനിൽ മണ്ണടിയുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. ആയത് പരിഹരിക്കുന്നതിനായി CWPRS പുനെ നടത്തിയ പഠനം അനുസരിച്ച് പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കുക, തീരം സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തി, ഡ്രെഡ്ജിംഗ് തുടങ്ങിയ ശേഷിക്കുന്ന പ്രവൃത്തികൾക്കുള്ള പുതുക്കിയ എസ്റ്റിമേറ്റിന് രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പദ്ധതിയിലുൾപ്പെടുത്തി 31.02 കോടി രൂപയുടെ ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരികയും ചെയ്യുന്നു. 75% കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെട്ട ചേറ്റുവ ഫിഷറി ഹാർബറിന്റെ നിർമ്മാണ പ്രവൃത്തിയ്ക്കായി 3024 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് പ്രവൃത്തി ആരംഭിച്ചിരുന്നു. പുലിമുട്ടിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്ന വേളയിൽ സിങ്കേജ് ഉണ്ടായതിനെ തുടർന്ന് പ്രവൃത്തി നിർത്തിവയ്ക്കുകയും മാതൃകാപഠനം നടത്തിയ ഏജൻസിയായ ഐ.ഐ.റ്റി., ചെന്നൈയെ സിങ്കേജ് സംബന്ധിച്ച പഠനം നടത്തുവാൻ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് 19-9-2014-ൽ ഐ.ഐ.റ്റി. അധികൃതർ സ്ഥലം സന്ദർശിക്കുകയും നിലവിലുള്ള tranquility പരിഗണിച്ച് ഇപ്പോൾ പൂർത്തിയാക്കിയിട്ടുള്ള വടക്ക്, തെക്ക് പുലിമുട്ടുകൾ യഥാക്രമം 492 മീറ്റർ, 374 മീറ്ററിൽ നിർത്തിവയ്ക്കുന്നതിനും Prototype behaviour

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ചശേഷം നീളം ഉടർന്ന് വർദ്ധിപ്പിക്കുന്നത് പരിഗണിക്കാമെന്ന് തീരുമാനിക്കുകയുമുണ്ടായി. ഇപ്പോൾ മേൽ പരാമർശിച്ച പൂർത്തീകരിച്ച പുലിമുട്ടുകൾ മുഖേന ആവശ്യമായ Tranquility കൈവരിക്കാൻ സാധിക്കുമെന്ന് ഐ.ഐ.റ്റി. അധികൃതരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വടക്കേപുലിമുട്ട് 492 മീറ്ററിലും തെക്കേ പുലിമുട്ട് 374 മീറ്ററിലും ഹെഡ് നിർമ്മിച്ച് അവസാനിപ്പിക്കുന്നതിന് തീരുമാനിക്കുകയും പ്രവൃത്തിയുടെ ഡ്രഡ്ജിംഗ് ഒഴികെയുള്ള ഘടകങ്ങൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഡ്രഡ്ജിംഗിനായി ലഭിച്ച ടെണ്ടർ പരിശോധിച്ച് വരികയുമാണ്. ടി പ്രവൃത്തി ഈ സാമ്പത്തിക വർഷം കമ്മീഷൻ ചെയ്യുവാൻ സാധിക്കും. 50% കേന്ദ്ര സഹായ പദ്ധതിയിലുൾപ്പെട്ട കൊയിലാണ്ടി മത്സ്യബന്ധന ഉറമുഖത്തെ പ്രധാന ഘടകങ്ങളായ പുലിമുട്ടുകളുടെ നിർമ്മാണം, വാർഫ്, ലേലപ്പുര എന്നിവ പൂർത്തീകരിച്ചു. ശേഷിക്കുന്ന ഘടകങ്ങളുടെ പൂർത്തീകരണത്തിനായി 6574 ലക്ഷം രൂപയുടെ കോംപ്രിഹെൻസീവ് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. 6399 ലക്ഷം രൂപയുടെ കേന്ദ്ര അംഗീകാരം ലഭ്യമായതിനെ ഉടർന്ന് പുതുക്കിയ ഭരണാനുമതി നൽകുകയും ടി പ്രവൃത്തി ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. 50% കേന്ദ്ര സഹായ പദ്ധതിയിലുൾപ്പെടുത്തി തലായ് മത്സ്യബന്ധന ഉറമുഖ പ്രവൃത്തികൾക്കായി 1925.74 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും പ്രധാന ഘടകങ്ങളായ പുലിമുട്ടുകൾ, അഡ്മിനിസ്ട്രേറ്റീവ് കെട്ടിടം, ഗേറ്റ്, ഗേറ്റ് ഹൗസ്, കാന്റീൻ, ഷോപ്പ് ബിൽഡിംഗ്, റെസ്റ്റ് ഷെഡ്, അപ്രോച്ച് റോഡ്, കോമ്പൗണ്ട് വാൾ (ഫേസ്-1) ഉടങ്ങിയവ പൂർത്തീകരിക്കുകയും ചെയ്തു. ടി പ്രവൃത്തിക്കുവേണ്ടി 3510.59 ലക്ഷം രൂപയുടെ കോംപ്രിഹെൻസീവ് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. 3479.50 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായതിനെ ഉടർന്ന് പുതുക്കിയ ഭരണാനുമതി നൽകി ടി പ്രവൃത്തി ഏർപ്പാടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 75% കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെട്ട ചെറുവത്തൂർ മത്സ്യബന്ധന ഉറമുഖത്തിന്റെ നിർമ്മാണത്തിനായി 2906 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്ന ഈ മത്സ്യബന്ധന ഉറമുഖത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനത്തിന് സജ്ജമായിരിക്കുകയാണ്. ഉദ്ഘാടനം ആഗസ്റ്റ് മാസത്തിൽ നടക്കും.

(ബി) ചെത്തി മത്സ്യബന്ധന ഉറമുഖത്തിന്റെ ഒന്നാംഘട്ട വികസന പദ്ധതിയിലുൾപ്പെട്ട ഡ്രഡ്ജിംഗ്, കോൾഡ് സ്റ്റോറേജ് ഒഴികെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചു. രണ്ടാംഘട്ട വികസനത്തിൽ ബ്രേക്ക്വാട്ടർ പൂർത്തീകരിച്ചു. ബേസിനിൽ മണ്ണടിയുന്നത് ശ്രദ്ധയിൽപ്പെടുകയും ഇത് പരിഹരിക്കുന്നതിനുള്ള പഠനത്തിനായി CWPRS പുനയ്ക്ക് നൽകിയിട്ടുണ്ട്. പഠന റിപ്പോർട്ട് ലഭ്യമായാൽ ഉടർ നടപടികൾ സ്വീകരിക്കുന്നതാണ്.

996/2018

LIBRARY ARCHIVES Kerala Legislative Assembly

(സി) താനൂർ മത്സ്യബന്ധന ഇറമുഖത്തിന്റെ നിർമ്മാണത്തിനായി 75% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി 30-1-2013-ൽ 4487 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും പ്രവൃത്തി ആരംഭിച്ച് 38% പുരോഗതി കൈവരിക്കുകയും ചെയ്തു. ബ്രേക്ക് വാട്ടർ നിർമ്മാണം, റിക്ലമേഷൻ ബണ്ട് നിർമ്മാണം എന്നിവയാണ് പുരോഗമിച്ചുവരുന്ന ഘടകങ്ങൾ. 75% കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെട്ട മൂനയ്ക്കടവ് ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണത്തിനായി 231 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി പുരോഗമിച്ച് വരികയും ചെയ്യുന്നു. വാർഫ്, കൾവർട്ട്, പാർക്കിംഗ് ഏരിയ, റിക്ലമേഷൻ ബണ്ട് നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

മത്സ്യവിത്ത് സെന്ററുകൾ

100 (1805) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-ലെ കേരളാ മത്സ്യവിത്ത് നിയമമനുസരിച്ച് സംസ്ഥാന വിത്ത് സെന്ററും റീജിയണൽ വിത്തു സെന്ററുകളും നിലവിൽ വന്നിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സെന്ററുകൾ എപ്പോൾ നിലവിൽ വരുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 2014-ലെ കേരള മത്സ്യവിത്ത് ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള ചട്ടങ്ങൾ കൂടി പുറപ്പെടുവിച്ചതിനുശേഷം മാത്രമേ കേരള മത്സ്യവിത്ത് ആക്ടിൻ കീഴിൽ രൂപീകരിക്കാനുദ്ദേശിക്കുന്ന സംസ്ഥാന മത്സ്യവിത്ത് സെന്ററുകളും റീജിയണൽ മത്സ്യവിത്ത് സെന്ററുകളും പ്രവർത്തിപ്പിക്കാൻ കഴിയുകയുള്ളു. 2014-ലെ കേരള മത്സ്യവിത്ത് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തയ്യാറാക്കിയ കേരള മത്സ്യവിത്ത് ചട്ടങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly